നിലവിലെ പദ്ധതിയുടെ ന്യൂനതകൾ പരിഹരിച്ചുകൊണ്ട് പൊതുജനങ്ങൾക്ക് പരമാവധി ബുദ്ധിമുട്ടുകൾ ഒഴിവാക്കി, ഓൺലൈൻ പോക്കുവരവ് മറ്റ് ജില്ലകളിൽകൂടി നടപ്പാക്കാനുള്ള നടപടികൾ നടന്നുവരുന്നു. ആധാര രജിസ്ട്രേഷനുവേണ്ടി ഉപയോഗിക്കുന്ന ഓപ്പൺ പേൾ എന്ന സോഫ്റ്റ്വെയറുമായി റെലിസ് സോഫ്റ്റ്വെയർ ബന്ധിപ്പിച്ചുകൊണ്ട് ഓൺലൈൻ പോക്കുവരവ് സാധ്യമാക്കുന്ന രീതിയാണ് പരിഗണനയിലുള്ളത്.

(ഡി) നീ-സർവ്വേ പൂർത്തീകരിച്ച വില്ലേജുകളിലാണ് ആദ്യഘട്ടത്തിൽ ഓൺലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാര പരിധിയിൽ വരുന്ന 17 വില്ലേജുകളിൽ 15-9-2011 മുതൽ ഓൺലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയതായി മറ്റ് തിരഞ്ഞെടുക്കപ്പെട്ട വില്ലേജുകളിൽകൂടി ഓൺലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

പദ്ധതി പ്രവർത്തനങ്ങൾക്കുള്ള സ്ഥലം ഏറ്റെടുക്കൽ

133 (1163) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പദ്ധതി പ്രവർത്തനങ്ങൾക്കുള്ള സ്ഥലം ഏറ്റെടുക്കൽ ത്വരിതപ്പെടുത്തുന്നതിനായി 2012-13-ലെ ബജറ്റിൽ നീക്കിവച്ച തുക എത്രയായിരുന്നുവെന്ന വെളിപ്പെടുത്തുമോ ;

(ബി) ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്ക് എത്ര വീതം ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2012-13-ലെ ബജറ്റിൽ സർക്കാർ ആവശ്യങ്ങൾക്കുള്ള ഭൂമി ഏറ്റെടുക്കലിനായി 5054-80-800-65 എന്ന ശീർഷകത്തിലെ വോട്ടഡ് അപ്രോപ്രിയേഷനിൽ 250 കോടിയും ചാർജ്ഡ് അപ്രോപ്രിയേഷനിൽ 50 കോടി രൂപയുമാണ് നീക്കിവച്ചിരുന്നത്.

(ബി) ചാർജ്ഡ് അപ്രോപ്രിയേഷനിൽ നീക്കിവച്ച 50 കോടി രൂപ വിവിധ എൽ.എ.ആർ. കേസുകളുടെ വിധി തുക കെട്ടിവയ്ക്കുന്നതിനായി ജില്ലാ കളക്ടർമാർക്ക് അനുവദിച്ചുനൽകുകയുണ്ടായി. സർക്കാർ ആവശ്യങ്ങൾക്കുള്ള ഭൂമി ഏറ്റെടുക്കലിനായി വോട്ടഡ് അപ്രോപ്രിയേഷനിൽ നീക്കിവച്ച 250 കോടി രൂപ ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly